കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- എയിംസ് ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നുമുള്ള ടെക്നിക്കൽ സപ്പോർട്ടിനു കാലാവധി നീട്ടി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2123/2019/ധന.** തീയതി, തിരുവനന്തപുരം.20/03/2019

പരാമർശം:- 1. സ.ഉ.(സാധാ)നം.1366/2011/ധന തീയതി 24.02.2011.
2. സ.ഉ.(സാധാ)നം.229/2015/ധന തീയതി 16/06/2015
3. സ.ഉ.(സാധാ)നം.9580/2016/ധന തീയതി 13/12/2016
4. സ.ഉ.(സാധാ)നം.2441/2018/ധന തീയതി 23.03.2018.
5. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21/02/2019 തീയതിയിലെ ഡി.കെ.എസ്.എ 469/2018/ഐ.ടി.1 നമ്പർ കത്ത്

**ഉത്തരവ്**

എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നും 22/10/2017 മുതൽ 21/02/2018 വരെ ഒരു ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനവും (One man month ന് 60000/- രൂപ നിരക്കിൽ) 22.02.2018 മുതൽ 21.02.2019 വരെ രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും (One man month ന് 70000/- രൂപ നിരക്കിൽ) മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുന്നതിനും സോഫ്റ്റ് വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് നിർവ്വഹിക്കുന്നതിലേയ്ക്കായി (One man month ന് 60000/- രൂപ നിരക്കിൽ) പരാമർശം 4 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഈ ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനം 21.02.2019 ൽ അവസാനിക്കുകയാണെന്നും ഓൺ സൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം എയിംസ് സോഫ്റ്റ് വെയറിന് വീണ്ടും തുടരണമോ എന്നത് സംബന്ധിച്ച് വകുപ്പിൽ എയിംസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന 41 ഓഫീസുകളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആവശ്യപ്പെട്ടിരുന്നതിനാൽ 40 ഓഫീസുകളിൽ നിന്നും വിശദമായ ചർച്ചകൾക്ക് ശേഷം ഓൺ സൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ സ്റ്റാഫിന്റെ സേവനം തുടർന്നും ആവശ്യമാണെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി 22/02/2019 മുതൽ 21/02/2021 വരെ One man month ന് 70000/- രൂപ നിരക്കിൽ രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും One man month ന് 60000/- രൂപ നിരക്കിൽ മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും സേവനം കെൽട്രോണിൽ നിന്നും തുടർന്നും ലഭ്യമാക്കുന്നതിനും എയിംസ് സോഫ്റ്റ് വെയറിന്റെയും ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെയും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് മോഡിഫിക്കേഷൻ ആന്റ് എൻഹാൻസ്മെന്റ് നടത്തുന്നതിനും One man month ന് 60000/- രൂപ എന്ന നിരക്കിൽ കെൽട്രോണിൽ നിന്നും Effort1 Qualification ഉം Cost Estimation ഉം ലഭ്യമാക്കി മേജറായ മോഡിഫിക്കേഷൻസിനു മാത്രം പേയ്മെന്റ് അനുവദിക്കുന്നതിനു വേണ്ടിയുള്ള ഭരണാനുമതിയും നൽകണമെന്നും പരാമർശം 5 പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

13/02/2018 ൽ കൂടിയ ഓഡിറ്റ് വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും One man month ന് 70000/- രൂപ നിരക്കിൽ രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെയും One man month ന് 60000/- രൂപ നിരക്കിൽ മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെയും സേവനം 22/02/2019 മുതൽ 21/02/2021 വരെ സർക്കാർ അനുമതിയോടെ അനുവദിച്ച നൽകാവുന്നതാണെന്നും വകുപ്പിനു നൽകിവരുന്ന ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനം ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫ് എന്നാക്കി മാറ്റുവാനും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 4-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കംപ്ലയിന്റ് എസ്കലേഷൻ മെട്രിക്സ് (Complaint escalation matrix) തയ്യാറാക്കി വേണം പ്രോജക്ട് നടപ്പിലാക്കേണ്ടതെന്നും അതേ ഉത്തരവിൽ പറഞ്ഞിട്ടുള്ള penalty clause കെൽട്രോണുമായുള്ള കരാറിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി 22/02/2019 മുതൽ 21/02/2020 വരെയുള്ള ഒരു വർഷ കാലയളവിലേയ്ക്ക് One man month ന് 70000/- രൂപ നിരക്കിൽ രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും, One man month ന് 60000/- രൂപ നിരക്കിൽ മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും സേവനം കെൽട്രോണിൽ നിന്നും തുടർന്നും ലഭ്യമാക്കുന്നതിനും, കെൽട്രോണിൽ നിന്നും Effort Qualification, Cost Estimation എന്നിവ ലഭ്യമാക്കി മേജറായ മോഡിഫിക്കേഷൻസിനു മാത്രം പേയ്മെന്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥയിൽ One man month ന് 60000/- രൂപ നിരക്കിൽ മോഡിഫിക്കേഷൻ &എൻഹാൻസ്മെന്റ് ഒരു വർഷത്തേക്ക് നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്പറഞ്ഞ കാലാവധിക്കു ശേഷം എയിംസ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന ഓഫീസുകളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയ ശേഷം ആവശ്യമെങ്കിൽ മാത്രം, ഓൺ സൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫുകളുടെ സേവനം തുടർന്നും അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

പ്രസ്തുത ചിലവ് "2054-00-098-88-34-പ്ലാൻ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീനി. ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ,സബ് ട്രഷറി , വികാസ്ഭവൻ, തിരുവനന്തപുരം
പേഴ്സണൽ അസിസ്റ്റന്റ് ,ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (എക്സ്പെൻഡീച്ചർ)യുടെ ഓഫീസ്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E-34238)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ